"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- എഞ്ചിനീയറിംഗ് വിഭാഗം- കാസർഗോഡ് മുനിസിപ്പാലിറ്റി ഓഫീസിൽ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ക്രമക്കേടുകൾക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ചുവരുന്ന അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യൂ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.3052/2025/LSGD തീയതി,തിരുവനന്തപുരം, 23-12-2025

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 30.04.2019-ലെ E18-(SC24/2018/KSD)10872/2019 നമ്പർ കത്ത്
2. 09.08.2019-ലെ EW2/55/2019-LSGD നമ്പർ കുറ്റപത്രം/ കുറ്റാരോപണപത്രിക.
3. അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. നിധീഷ് വി.എസ്. 28.10.2019 തീയതിയായി സമർപ്പിച്ച പ്രതിവാദപത്രിക
4. ഓവർസിയർ ശ്രീ. ഗംഗാധരൻ ജി. 31.10.2019 തീയതിയായി സമർപ്പിച്ച പ്രതിവാദപത്രിക
5. മുൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. ജസ്വന്ത് എം. സി. 14.11.2019 തീയതിയായി സമർപ്പിച്ച പ്രതിവാദപത്രിക
6. പ്രിൻസിപ്പൽ ഡയറക്ടറുടെ 27.03.2025-ലെ LSGD/PD/28706/2023-VIGE5 നമ്പർ കത്ത്.

**ഉത്തരവ്**

കാസർഗോഡ് മുനിസിപ്പാലിറ്റി ഓഫീസിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ മിന്നൽ പരിശോധന നടത്തി പരാമർശം (1) പ്രകാരം വിജിലൻസ് ഡയറക്ടർ വിജിലൻസ് വകുപ്പ് മുഖേന റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. നിർമ്മാണം പൂർത്തിയാകാത്ത കെട്ടിടത്തിന് (BA 79/16-17) ഒക്യൂപൻസി സർട്ടിഫിക്കറ്റ് നൽകിയതായി കാണുന്നുവെന്നും ബിൽഡിംഗ് ആപ്ലിക്കേഷൻ രജിസ്റ്ററിൽ അപേക്ഷ നിരസിച്ചതിനുള്ള കാരണം രേഖപ്പെടുത്തിയിട്ടില്ല എന്നും പ്രസ്തുത കാരണം അപേക്ഷകരെ അറിയിച്ചതായി രേഖപ്പെടുത്തിയിട്ടില്ല എന്നും വിജിലൻസ് കണ്ടെത്തിയിട്ടുണ്ട്. അപാകതകൾക്ക് ഉത്തരവാദികളായ മുൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. എം.സി. ജസ്വന്ത് (PEN-524599), അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. നിധീഷ് വി.എസ്. (PEN-630594), ഓവർസിയർ ശ്രീ. ഗംഗാധരൻ ജി. (PEN-552969) എന്നിവർക്കെതിരെ വകുപ്പുതല

അച്ചടക്കനടപടി സ്വീകരിക്കുന്നതിന് വിജിലൻസ് ശിപാർശ ചെയ്തു.

2 . വിജിലൻസ് ശിപാർശയുടെ അടിസ്ഥാനത്തിൽ മേൽപരാമർശിച്ച ഉദ്യോഗസ്ഥർക്കെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം അച്ചടക്കനടപടി ആരംഭിച്ച് പരാമർശം (2) കുറ്റപത്രം / കുറ്റാരോപണ പത്രിക എന്നിവ നൽകി.

3. മുൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. ജസ്വന്ത് എം.സി. പ്രിൻസിപ്പൽ ഡയറക്ടർ മുഖേന സമർപ്പിച്ച പരാമർശം (5) പ്രതിവാദപത്രികയിൽ, നിർമ്മാണം പൂർത്തിയാകാത്ത കെട്ടിടത്തിന് ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകിയതായി കാണുന്നു എന്ന കുറ്റം സംബന്ധിച്ച്, ടി കെട്ടിടത്തിന് കംപ്ലീഷൻ അനുവദിക്കുന്ന സമയത്ത് ബിൽഡിംഗ് ഇൻസ്പെക്ടർ സ്ഥലപരിശോധന നടത്തി പണി പൂർത്തിയായതായി റിപ്പോർട്ട് നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ സ്ഥലപരിശോധന നടത്തി പൂർണ്ണമായും പണിപൂർത്തിയായി എന്ന് ഉറപ്പാക്കുകയും ചെയ്തു ശേഷമാണ് അനുമതി നൽകുന്നതിനുള്ള ശിപാർശയോടെ തനിക്ക് സമർപ്പിച്ചത് എന്നും ആയതിന്റെ അടിസ്ഥാനത്തിലാണ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറായിരുന്ന താൻ പ്രസ്തുത കെട്ടിടത്തിന് കംപ്ലീഷൻ സർട്ടിഫിക്കറ്റ് അനുവദിച്ചത് എന്നും അറിയിച്ചിരിക്കുന്നു. കംപ്ലീഷൻ സർട്ടിഫിക്കറ്റ് അനുവദിച്ചതിന് ശേഷം കെട്ടിടം വാടകയ്ക്കെടുത്ത സ്വർണ്ണാഭരണസ്ഥാപനം, അവരുടെ ഡിസൈൻ പ്രകാരം ഇൻറീരിയർ വർക്കുകൾ ചെയ്തപ്പോൾ ഷട്ടറുകളിൽ മാറ്റം വരുത്തി എന്നും ആ ദിവസങ്ങളിൽ വിജിലൻസ് പരിശോധന നടത്തിയപ്പോഴാണ് ഷട്ടറുകൾ മാറിതായി കണ്ടതെന്നും നിലവിൽ പ്രസ്തുതകെട്ടിടത്തിന് സ്വർണ്ണാഭരണശാലയുടെ ഡിസൈൻ പ്രകാരമുള്ള ഷട്ടറുകൾ സ്ഥാപിച്ചിട്ടുണ്ട് എന്നും പ്രതിവാദപത്രികയിൽ ബോധിപ്പിക്കുന്നു. ഈ വിഷയത്തിൽ തന്റെ ഭാഗത്ത് നിന്നും ബോധപൂർവ്വം യാതൊരു തെറ്റുകളും വരുത്തിയിട്ടില്ല എന്നും Kerala Municipality Building Rules ലംഘനം പ്രസ്തുത പ്രവൃത്തിയിൽ ഉണ്ടായിട്ടില്ല എന്നും സ്ഥാപിച്ചിരുന്ന ഷട്ടർ Occupancy നൽകിയതിന് ശേഷമാണ് മാറ്റിയിട്ടുള്ളതെന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറായിരുന്ന തന്റെ പരിധിയിൽ വരുന്ന $300m^2$ - $750m^2$ വരെയുള്ള പെർമിറ്റ്, occupancy, നിരസിക്കൽ എന്നിവ ഓൺലൈനായി നടത്തിയിട്ടുള്ളതും BA രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളതുമാണ് എന്നും ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട് സർക്കാരിന് യാതൊരു സാമ്പത്തിക നഷ്ടവും ഉണ്ടായിട്ടില്ല എന്നും മുൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. ജസ്വന്ത് എം. സി. വാദിക്കുന്നു.

4. സമാനമായ വാദങ്ങളാണ് അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. നിധീഷ് വി.എസ്. പരാമർശം (3) പ്രതിവാദപത്രികയിൽ ഉന്നയിച്ചിരിക്കുന്നത്. കൂടാതെ, തന്റെ പരിധിയിൽ വരുന്ന 300 $m^2$ വരെയുള്ള പെർമിറ്റ്, Occupancy, നിരസിക്കൽ എന്നിവ ഓൺലൈനായി നടത്തിയിട്ടുള്ളതും ഫയലിൽ ആയവ രേഖപ്പെടുത്തിയിട്ടുള്ളതും BA രജിസ്റ്ററിൽ രേഖപ്പെടുത്തുവാൻ സെക്ഷൻ ക്ലാർക്കിന് നിർദ്ദേശം നല്കിയിട്ടുള്ളതുമാണ് എന്നും താൻ 21.02.2017 മുതലാണ് PSC മുഖേന നിയമനം ലഭിച്ച് കാസർഗോഡ് നഗരസഭയിൽ അസിസ്റ്റന്റ് എഞ്ചിനീയറായി ജോലി ചെയ്തിട്ടുള്ളത് എന്നും പ്രസ്തുത ഫയൽ കൈകാര്യം ചെയ്യുമ്പോൾ തനിക്ക് 4 മാസം മാത്രമാണ് പ്രവൃത്തിപരിചയം ഉണ്ടായിരുന്നത് എന്നും

ആയതിനാൽ തന്റെ പേരിൽ തുടർനടപടികൾ സ്വീകരിക്കരുതെന്നും അഭ്യർത്ഥിച്ചിരിക്കുന്നു.

5. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. എം.സി. ജസ്വന്ത്, അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. നിധീഷ് വി.എസ്. എന്നിവർ പ്രതിവാദപത്രികയിൽ ഉന്നയിച്ചതിന് സമാനമായ വാദങ്ങളാണ് ഓവർസിയർ ശ്രീ. ഗംഗാധരൻ ജി. പരാമർശം (4) പ്രതിവാദപത്രികയിൽ ഉന്നയിച്ചിരിക്കുന്നത്. കൂടാതെ, ബിൽഡിംഗ് ആപ്ലിക്കേഷൻ രജിസ്റ്ററുകൾ സൂക്ഷിക്കുകയും ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തുകയും ചെയ്യുന്നത് ബന്ധപ്പെട്ട സെക്ഷൻ ക്ലർക്കിന്റെ ചുമതലയാണെന്നും ഫയലുകളിൽ permit, completion, നിരസിക്കൽ എന്നിവ ഓവർസീയർ റിപ്പോർട്ട് ചെയ്താൽ ആയത് മേലുദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തി ബന്ധപ്പെട്ട BA രജിസ്റ്ററുകളിൽ രേഖപ്പെടുത്തുകയും കക്ഷികൾക്ക് നോട്ടീസ് നൽകുകയും ചെയ്യുന്നത് ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്കാണെന്നും അത് പരിശോധിക്കുവാനോ സാക്ഷ്യപ്പെടുത്തുവാനോ രേഖപ്പെടുത്തലുകൾ നടത്തുവാനോ ഓവർസീയർക്ക് അധികാരമില്ലാത്തതാണെന്നും ആയതിനാൽ തന്റെ പേരിൽ തുടർനടപടികൾ സ്വീകരിക്കരുതെന്നും ഓവർസിയർ ശ്രീ. ഗംഗാധരൻ ജി. അഭ്യർത്ഥിച്ചിരിക്കുന്നു.

6. പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (6) പ്രകാരം സമർപ്പിച്ച അഭിപ്രായക്കുറിപ്പിൽ, BA No. 79/16-17 പരിശോധിച്ചതിൽ മുമ്പ് പെർമിറ്റ് അനുവദിച്ചിട്ടുള്ള കെട്ടിടത്തിന് പൂർത്തീകരിച്ച ഘട്ടത്തിൽ അപേക്ഷ സമർപ്പിച്ചതിനെത്തുടർന്ന് ഓവർസിയർ സ്ഥലപരിശോധന നടത്തി Occupancy Certificate ശിപാർശ ചെയ്തതായും അസിസ്റ്റന്റ് എഞ്ചിനീയർ ആയത് ശരിവെച്ച് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ശിപാർശ ചെയ്തതായും തുടർന്ന് Occupancy Certificate അനുവദിച്ചതായും കാണുന്നു എന്നും മേല്പറഞ്ഞ എല്ലാ ഉദ്യോഗസ്ഥരും ഒപ്പിട്ട പൂർത്തീകരണ പ്ലാൻ ഫയലിൽ ലഭ്യമാണെന്നും പണി പൂർത്തീകരിച്ച ശേഷം Occupancy Certificate അനുവദിച്ച കെട്ടിടത്തിന്റെ കാര്യത്തിൽ Vigilance പരിശോധന വേളയിൽ കാണപ്പെട്ട, സ്ഥാപനത്തിന്റെ ആവശ്യത്തിനനുസൃതമായി ഷട്ടറുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി KMBR ചട്ടലംഘനമായി കണക്കാക്കുവാൻ സാധിക്കാത്തതിനാൽ കുറ്റാരോപിതരായ ഉദ്യോഗസ്ഥരുടെ പ്രതിവാദപത്രികയിലെ വാദം അംഗീകരിക്കാവുന്നതാണെന്നും അഭിപ്രായപ്പെട്ടിരിക്കുന്നു. Permit, Occupancy നിരസിക്കൽ എന്നിവ BA Register-ൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടത് ക്ലർക്കിന്റെയും ആയത് പരിശോധിക്കേണ്ടത് നഗരസഭ സൂപ്രണ്ടിന്റെയും ഉത്തരവാദിത്വത്തിൽ വരുന്ന കാര്യങ്ങളാണ് എന്നിരുന്നാലും, Permit / Occupancy എന്നിവ issue ചെയ്യുന്ന നഗരസഭ എഞ്ചിനീയറിംഗ് ഉദ്യോഗസ്ഥർ കൃത്യമായ മേൽനോട്ടം നടത്തി BA Register-ൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണെന്നും ടി വിഷയത്തിൽ കുറ്റാരോപിതർക്ക് അലംഭാവം ഉണ്ടായിട്ടുണ്ട് എന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

7. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. BA Register-ൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടെന്ന് ഉറപ്പാക്കുന്നത് സംബന്ധിച്ച് കുറ്റാരോപിതർക്ക് അലംഭാവം ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമായിട്ടുള്ള സാഹചര്യത്തിൽ, കാസർഗോഡ് മുനിസിപ്പാലിറ്റി ഓഫീസിൽ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ

മിന്നൽ പരിശോധനയുമായി ബന്ധപ്പെട്ട വിജിലൻസ് ശിപാർശയുടെ അടിസ്ഥാനത്തിൽ കുറ്റാരോപിതരായ മുൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. ജസ്വന്ത് എം. സി. (PEN-524599), അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. നിധീഷ് വി.എസ്. (PEN-630594), ഓവർസിയർ ശ്രീ. ഗംഗാധരൻ ജി. (PEN-552969) എന്നിവർക്കെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (CC &A) റൂൾ 16 പ്രകാരം സ്വീകരിച്ച് വരുന്ന അച്ചടക്കനടപടി അതേ ചട്ടങ്ങളിലെ ചട്ടം 11 (1) (iii) പ്രകാരം ടിയാളുകളുടെ വാർഷികവേതനവർദ്ധനവ് സഞ്ചിതഫലമില്ലാതെ 6 മാസത്തേയ്ക്ക് തടഞ്ഞുകൊണ്ട് തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUMI SANDIPIKA G MASTERLEY
അണ്ടർ സെക്രട്ടറി

1. ശ്രീ. ജസ്വന്ത് എം. സി. (PEN-524599), എക്സിക്യൂട്ടീവ് എഞ്ചിനീയർ, കണ്ണൂർ കോർപറേഷൻ.
2. ശ്രീ. നിധീഷ് വി.എസ്. (PEN-630594), അസിസ്റ്റന്റ് എഞ്ചിനീയർ, കൊച്ചി കോർപ്പറേഷൻ.
3. ശ്രീ. ഗംഗാധരൻ ജി., ഓവർസിയർ ഗ്രേഡ് - 1, എൺമകജെ ഗ്രാമപഞ്ചായത്ത്.
   **(1, 2, 3 എന്നിവർക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)**
4. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം. **(ഉത്തരവ് പ്രകാരമുള്ള തുടർനടപടികൾ അടിയന്തരമായി നടപ്പാക്കുന്നതിനായി)**
5. അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്), കേരള
6. തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യൂ.ബി) വകുപ്പ്(DPC Select List തയ്യാറാക്കുന്നതിലേക്കായി)
7. വിജിലൻസ് (എഫ്) വകുപ്പ് (07.11.2025ലെ VIG-F1/37/2024-VIG പ്രകാരം)
8. വെബ് & ന്യൂ മീഡിയ,വിവര പൊതുജനസമ്പർക്ക വകുപ്പ്
9. സ്റ്റോക്ക് ഫയൽ (EW2/55/2019-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Asha. R
Date: 23-12-2025 14:51:40
സെക്ഷൻ ഓഫീസർ